# ப. ഗീവർഗീസ് ദ്വിതീയൻ ബാവായുടെ

# സൗഖ്യദർശനം



■ കെ.വി. ജോസഫ് റമ്പാൻ, പരുമല



**രോഗസൗഖ്യത്തിനായി പ. ബാവാ തിരുമേനി പ്രാർത്ഥന നടത്തിയിട്ട് *'ഡോക്ടർ ചികിത്സിക്കുക'* എന്നു പറഞ്ഞു. തിരുമേനിയുടെ വാക്കുകൾ ഡോക്ടർക്കു ഒരു ഉൾദർശനമായി അനുഭവപ്പെട്ടു. അതൊരു ദൈവനിയോഗമാണെന്ന് ഡോക്ടർ ചിന്തിച്ചു. 82 കാരനായ ലേഖകൻ അനുസ്മരിക്കുന്നു**

കോട്ടയം സി.എം.എസ്. കോളജിൽ 1959-62-ൽ ഞാൻ പഠിക്കുമ്പോൾ MGOCSM കോട്ടയം യൂണിറ്റിന്റെ സെക്രട്ടറിയായിരുന്നു. സി.എം.എസ്. കോളജ്, ബി.സി.എം. കോളജ് കഞ്ഞിക്കുഴി മൗണ്ട് താബോർ ട്രെയിനിംഗ് കോളജ് എന്നീ സ്ഥാപനങ്ങളിലെ ഓർത്തഡോക്സ് വിദ്യാർത്ഥികളും സഭയുടെ വൈദിക സെമിനാരി വിദ്യാർത്ഥികളും ചേർന്നുള്ള സംഘടനയായിരുന്നു അന്ന് കോട്ടയം യൂണിറ്റ്. ഇന്ന് ഓരോ സ്ഥാപനവും ഓരോ യൂണിറ്റായി പ്രവർത്തിക്കുന്നു. പ്രസ്ഥാനത്തിന്റെ പേട്രൺ പ. ബസേലിയോസ് ഗീവർഗീസ് ദ്വിതീയൻ കാതോലിക്കാ ബാവാ, പ്രസിഡന്റ് ദാനിയേൽ മാർ പീലക്സിനോസ് മെത്രാപ്പോലീത്താ, ജനറൽ സെക്രട്ടറി പി.വി. വർഗീസ് ക്ലേറി (പിന്നീട് ഫാ. പി.വി. വർഗീസ്)യുമായിരുന്നു. കോട്ടയം യൂണിറ്റ് പ്രസിഡന്റ് സി.ജെ. കുര്യൻ അക്കര, വൈസ് പ്രസിഡണ്ട് കുര്യൻ ഉതുപ്പ്, ട്രഷറാർ എം.എം. മാത്യു മാളിയേക്കൽ, സെക്രട്ടറി കെ.വി. ജോസഫ് കളപ്പുരയ്ക്കൽ (ലേഖകൻ) ജോയിന്റ് സെക്രട്ടറിമാർ പി.എ. കുറിയാക്കോസ്, ഗ്രേസ് പി. ചാക്കോ എന്നിവരായിരുന്നു.

വിദ്യാർത്ഥികളെ കൂടാതെ കോട്ടയത്തുള്ള പല സീനിയർ മെംബേഴ്സും പത്രപ്രവർത്തകരും കോളജ് അദ്ധ്യാപകരും വൈദികരും പ്രസ്ഥാനത്തിന്റെ അംഗങ്ങളായി പ്രവർത്തിച്ചു.

അക്കാലത്ത് എം.ജി.ഒ.സി.എസ്.എം.-ന്റെ ഏകദിന സമ്മേളനം എറികാട് ഇ.ജെ. ജോണിന്റെ ആതിഥേയത്വത്തിൽ പാറമ്പാട് ഗ്രേസ് മെമ്മോറിയൽ സ്കൂളിൽ സെപ്റ്റംബർ 21-ന് നടത്തുന്നതിന് സജ്ജീകരിച്ചിരുന്നു. അതിനായി വിദ്യാർത്ഥികളും ഭാരവാഹികളും സീനിയർ മെമ്പേഴ്സും ഉൾപ്പെടെ നൂറ്റി അറുപതോളം അംഗങ്ങൾ രണ്ട് സ്പെഷ്യൽ ബസ്സുകളിലും ഏതാനും കാറുകളിലുമായി 21-നു രാവിലെ 8.30-നു കോട്ടയം സി.എം.എസ്. കോളജ് ജംഗ്ഷനിൽ നിന്നും പാറമ്പാടിനു പുറപ്പെട്ടു. ഒന്നാമത്തെ ബസ്സിൽ സഞ്ചരിച്ചിരുന്ന ബസ്സിലെ വിദ്യാർത്ഥികളോടു ബഹളം കൂട്ടാതെ ശാന്തമായി പോകണം എന്ന് പറഞ്ഞ് ഉള്ളിലേക്കു കയറുന്ന സമയം കാഞ്ഞിരപ്പള്ളിയിൽ വച്ച് എന്റെ ശിരസ്സിന്റെ പിൻഭാഗം ഒരു ഇലക്ട്രിക് പോസ്റ്റിൽ ഉരസുന്നതിനിടയായി. തുടർന്ന് ഞാൻ ബോധരഹിതനായി. ഉടനെ തന്നെ കാഞ്ഞിരപ്പള്ളി ഗവണ്മെന്റ് ഹോസ്പിറ്റലിൽ എത്തിച്ചു. അവിടുത്തെ R.M.O. കെ.സി. മാമ്മൻ മാപ്പിളയുടെ സഹോദരി പുത്രി ഡോ. അച്ചാമ്മ വർഗീസാണ്. അവർ പ്രഥമ ശുശ്രൂഷകൾ നടത്തിയ ശേഷം കോട്ടയം ഡിസ്ട്രിക്റ്റ് ഹോസ്പിറ്റലിലേക്കു വിട്ടു. അവിടെ എത്തി അഡ്മിറ്റ് ചെയ്തു. ഉടനെ തന്നെ പ്രശസ്തനായ ഡോ. പി.എം. പൗലോസ് ആവശ്യമായ ചികിത്സകൾ നിർവഹിച്ചു. ഞാൻ അബോധാവസ്ഥയിലാണ്. രോഗസ്ഥിതി അത്യാസന്ന നിലയിൽ എത്തുമോ എന്ന് ഒരു നിമിഷം ഡോക്ടർ പോലും സംശയിച്ചു. ദൈവത്തിൽ ആശ്രയിച്ചുകൊണ്ട് ചികിത്സ തുടർന്നു. രണ്ടാം ദിവസവും വ്യത്യാസമില്ല. ഈ അവസരത്തിൽ പ. ബസേലിയോസ് ഗീവർഗീസ് ദ്വിതീയൻ ബാവായുടെ കല്പന പ്രകാരം മാർ ഏലിയാ കത്തീഡ്രൽ വികാരിയും എന്റെ സഹപാഠിയുമായ ഫാ. കെ. മത്തായി (പിന്നീട് മാത്യൂസ് മാർ എപ്പിഫാനിയോസ് മെത്രാപ്പോലീത്താ) ഹോസ്പി



http://malankaraorthodox.tv/

റ്റലിൽ എത്തി, വി. തൈലാഭിഷേക ശുശ്രൂഷ നടത്തി.

മൂന്നാം ദിവസവും കാര്യമായ വ്യത്യാസം ഒന്നും ദർശിക്കുവാൻ സാധിച്ചില്ല. തന്മൂലം പ്രസിഡന്റ് സി. ജെ. കുര്യൻ, കെ.എം. മാത്യു (മനോരമ), പി. സി. ഏബ്രഹാം പടിഞ്ഞാറേക്കര എന്നിവർ ഡോ. പൗലൂസുമായി ബന്ധപ്പെട്ട് വെല്ലൂർ ഹോസ്പിറ്റലിലേക്ക് ഡോക്ടർ ഉൾപ്പെടെ അടുത്ത ദിവസം പോകുന്നതിന് നിശ്ചയിച്ചു. ആവശ്യമായ ട്രെയിൻ ടിക്കറ്റുകളും ബുക്കു ചെയ്തു. ഇത് അറിഞ്ഞ് അന്നു വൈകുന്നേരം പ. ബസ്സേലിയോസ് ഗീവർഗീസ് ദ്വിതീയൻ ബാവാ

ഹോസ്പിറ്റലിൽ എന്റെ സമീപം എത്തി. ആ സമയം ഡോക്ടർ പൗലൂസും ഉണ്ടായിരുന്നു. എങ്ങനെ ഉണ്ട് ഡോക്ടറേ എന്ന് ബാവാ തിരുമേനി ചോദിച്ചു. ദൈവം തന്നെങ്കിൽ ഉണ്ട്. നാളെ വെല്ലൂർക്കു പോകുവാൻ നിശ്ചയിച്ചു. ഞാനും കൂടെ പോകുന്നുണ്ടെന്ന് ഡോക്ടർ മറുപടി പറഞ്ഞു.

പ. ബാവാ തിരുമേനി രോഗസൗഖ്യത്തിനായി പ്രാർത്ഥന നടത്തിയിട്ട് 'ഡോക്ടർ ചികിത്സിക്കുക' എന്നു പറഞ്ഞു. പ. ബാവാ തിരുമേനിയുടെ വാക്കുകൾ ഡോക്ടർക്കു ഒരു ഉൾദർശനമായി അനുഭവപ്പെട്ടു. അതൊരു ദൈവനിയോഗമാണെന്ന് ഡോക്ടർ ചിന്തിച്ചു. പിറ്റേ ദിവസം രാവിലെ ഡോക്ടർ ഹോസ്പിറ്റലിൽ എത്തി വെല്ലൂർക്കു പോകേണ്ടാ, ഞാൻ നോക്കിക്കൊള്ളാം എന്നു പറഞ്ഞു. മാതാപിതാക്കളും സഹോദരങ്ങളും ബന്ധുമിത്രാദികളും സ്നേഹിതരുമായി പലരും ഹോസ്പിറ്റലിൽ ഉണ്ടായിരുന്നു. പ. ബാവാ തിരുമേനിയുടെ ദൈവാത്മ പ്രചോദിതമായ വാക്കുകളും ഡോക്ടറുടെ ഹൃദയംഗമായ അറിയിപ്പും എല്ലാവരിലും ആശ്വാസത്തിന്റെയും സൗഖ്യ പ്രാപ്തിയുടെ താളങ്ങൾ പ്രകാശിക്കുന്നതിനും ദൈവത്തെ മഹത്വപ്പെടുത്തുന്നതിനും സംഗതിയായി.

കാനാവിലെ കല്യാണഭവനത്തിൽ യേശു എത്തിയിരുന്നു. വിരുന്നിനു വീഞ്ഞു പോരാതെവന്നു. പ. മാതാവിന്റെ അപേക്ഷ സ്വീകരിച്ച് "യേശു അവരോട് ഈ കല്പാത്രങ്ങളിൽ വെള്ളം നിറപ്പീൻ എന്ന് പറഞ്ഞു." അത് മേൽത്തരമായ വീഞ്ഞായിത്തീർന്നു. "ഇപ്പോൾ കോരി വിരുന്നു വാഴിക്കു കൊണ്ടുപോയി കൊടുപ്പീൻ (യോഹ. 2:7-8) എന്ന് യേശു പറഞ്ഞു. അവിടെ വീഞ്ഞിനുവേണ്ടി പാത്രങ്ങളിൽ വെള്ളം നിറപ്പീൻ എന്ന് യേശു കല്പിച്ചു. അപ്രകാരം ചെയ്തു. വീഞ്ഞായി തീർന്നു. ഇവിടെ സൗഖ്യത്തിനായി ഡോക്ടർ ചികിത്സിക്കുക എന്ന് പ. ബാവാ തിരുമേനി കല്പിച്ചു. ഡോക്ടർ അത് ശിരസാ വഹിച്ച് ചികിത്സിച്ചു. പൂർണ്ണസൗഖ്യത്തിലായി."

രോഗസൗഖ്യത്തിനായുള്ള പ. ബാവാതിരുമേനിയുടെ പ്രാർത്ഥനയ്ക്കു ശേഷം പറയുന്നു: 'ഡോക്ടർ ചികിത്സിക്കുക'. പ്രാർത്ഥനാ സമയത്ത് പ. ബാവായ്ക്കു അനുഭവപ്പെട്ട സൗഖ്യ ദർശനത്തിന്റെ പ്രതിഫലനമായിരിക്കണം. നാളെ വെല്ലൂർക്കു പോകുകയാണ്, എന്ന് ഡോക്ടർ പറഞ്ഞിട്ടും, 'ഡോക്ടർ ചികിത്സിക്കുക' എന്ന് പ. ബാവാ തിരുമേനി പറഞ്ഞത്. സൗഖ്യം പ്രാപിക്കും എന്നൊരു ദർശനം ദൈവത്തിൽ നിന്നും ലഭിച്ചതിന്റെ പ്രതിധ്വനിയാണ് പ. ബാവാ തിരുമേനിയുടെ വാക്കുകളിൽ നിറഞ്ഞിരിക്കുന്നത് എന്ന് ഡോക്ടർ പലപ്പോഴും പറഞ്ഞിരുന്നു.

സൗഖ്യ പ്രാപ്തിക്കും കോളജ് പഠനത്തിനും ശേഷം ഒന്നരവർഷക്കാലം പ. ഗീവർഗീസ് ദ്വിതീയൻ ബാവാ തിരുമേനിയുടെ ശിഷ്യത്വം സ്വീകരിച്ച് ശുശ്രൂഷ അനുഷ്ഠിക്കുന്നതിനുള്ള അവസരം ലഭിച്ചു. അത് അസുലഭമായ ഭാഗ്യമായി വിശ്വസിക്കുന്നു. പിന്നീട് ഒൻപതു വർഷം പ. പിതാവിന്റെ കബറിങ്കൽ ദേവലോകം അരമനയിൽ-ശുശ്രൂഷിക്കുന്നതിനുള്ള അവസരവും ലഭിച്ചിരുന്നു. പിന്നീട് പ. തിരുമേനിയുടെ ഗുരുക്കന്മാരായ പ. വട്ടശ്ശേരിൽ ദീവന്നാസ്യോസ് തിരുമേനിയുടെ കബറിങ്കൽ പഴയസെമിനാരിയിലും ഇപ്പോൾ പരിശുദ്ധ പരുമല തിരുമേനിയുടെ കബറിങ്കലും ശുശ്രൂഷ അനുഷ്ഠിക്കുന്നു. ഇപ്പോൾ 57 വർഷങ്ങൾ പിന്നിട്ട് എൺപതിരണ്ടിൽ എത്തിയിരിക്കുന്നു. സൗഖ്യദായകനും സർവ്വാംഗരക്ഷകനുമായ ദൈവത്തിന്റെ കൃപയ്ക്ക് ആയിരം ആയിരം സ്തുതി സമർപ്പിക്കുന്നു.

പ്രാർത്ഥനാ നിരതനും തേജസ്വിയുമായ പ. ഗീവർഗീസ് ദ്വിതീയൻ ബാവാ തിരുമേനിയുടെ മദ്ധ്യസ്ഥത അനേകം രോഗികളിൽ യഥാവസരം സൗഖ്യം ഉളവാക്കിയിട്ടുണ്ട്. അനുഭവസ്ഥർ സാക്ഷിക്കുന്നു. വിശ്വാസപൂർവ്വം പ. ബാവ തിരുമേനിയുടെ അനുഗ്രഹങ്ങൾക്കായി അപേക്ഷിക്കുന്ന സന്താനരഹിതരായ അനേകർക്കു മക്കളെ ലഭിച്ചിട്ടുണ്ട്.

### പരിശുദ്ധ ഗീവർഗീസ് ദ്വിതീയൻ ബാവായുടെ പ്രധാന പെരുന്നാൾ ആഘോഷിക്കുന്ന ദേവാലയങ്ങൾ.



മലങ്കര ഓർത്തഡോക്സ് സഭയുടെ വിവിധ സ്ഥലങ്ങളിൽ പ. ബസേലിയോസ് ഗീവർഗീസ് ദ്വിതീയൻ കാതോലിക്കാ ബാവായുടെ ഓർമ്മ പ്രധാന പെരുന്നാളായി ആഘോഷിക്കുന്ന ഇടവകകൾ:

1. മാവേലിക്കര വഴുവാടി മാർ ബസേലിയോസ് പള്ളി (ജനു. 1,2)

3. കുന്നംകുളം മേലേപ്പാറ പള്ളി (ജനു 1, 2)

4. ആലുവ പള്ളിക്കര മാർ ബസേലിയോസ് ഗ്രിഗോറിയോസ് പള്ളി (ജനു. 1, 2).

5. കൈപ്പട്ടൂർ സെ. ഇഗ്നേഷ്യസ് പള്ളി, സെന്റ് ജോർജ് മൗണ്ട് ചാപ്പൽ. (ജനുവരി 6, 7).

6. മാവേലിക്കര, കല്ലുമല സൗത്ത് സെന്റ് ഗ്രിഗോറിയോസ് ചാപ്പൽ (ജനുവരി 6, 7).

*(ലിസ്റ്റ് അപൂർണ്ണം)*

സൂര്യതേജസ്സും പൗരസ്ത്യ ഋഷിശ്രേഷ്ഠനും സഭയേ കണ്ണിന്റെ കൃഷ്ണമണി പോലെ സ്നേഹിച്ച് സഭയുടെ സ്വാതന്ത്ര്യത്തിനും വിശ്വാസ സംരക്ഷണത്തിനും കാതോലിക്കേറ്റിന്റെ നിലനില്പിനും ഭരണഘടനയുടെ സ്വീകാര്യതയ്ക്കും പ്രവർത്തനത്തിനും വേണ്ടി അശ്രാന്തം ആഗ്രഹിക്കുകയും പ്രയത്നിക്കുകയും ചെയ്ത ഒരു പരിശുദ്ധ പിതാവാണ് മലങ്കരയുടെ മൂന്നാം കാതോലിക്കായും മലങ്കര മെത്രാപ്പോലീത്തായുമായി ജനഹൃദയങ്ങളിൽ ഇന്നും ജീവിക്കുന്ന മാർ ബസ്സേലിയോസ് ഗീവർഗീസ് ദ്വിതീയൻ ബാവാ. ■

For Favours Received






പൊന്നമ്മ തോമസും കുടുംബവും